## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1287** 03.12.2018- ൽ മറുപടിക്ക്

**പാവങ്ങാട് റെയിൽവെ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ** | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിലെ പാവങ്ങാട് റെയിൽവെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) പാവങ്ങാട് റെയിൽവെ മേൽപ്പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി എല്ലാ ഭൂവുടമകളും ഭൂമി വില അംഗീകരിക്കുകയും പ്രസ്തുത തുകയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുമുണ്ട്. എസ്.എൽ.ഇ.സി അംഗീകരിച്ച സ്ഥലവില അടിസ്ഥാനമാക്കി സ്ഥലമുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരത്തുകയായ 3,00,08,060/- രൂപ (മൂന്ന് കോടി എണ്ണായിരത്തി അറുപത് രൂപ) 14.11.2018-ലെ സ.ഉ(സാധാ)നം.1768/2018/പൊ.മ.വ പ്രകാരം അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിശദമായ സർവ്വേ നടപടികൾ കോഴിക്കോട് എൽ.എ സ്പെഷ്യൽ തഹസിൽദാറുടെ നേതൃത്വത്തിൽ നടത്തിവരുന്നു. സർവ്വെ കഴിയുന്ന മുറയ്ക്ക് മാത്രമേ ഏറ്റെടുക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) ഈ പ്രവൃത്തി എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനു ശേഷം സാധാരണ ഗതിയിൽ രണ്ട് മാസത്തിനകം ടെണ്ടർ നടപടിയോടുകൂടി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ